**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **03-03-2025 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പീരുമേട് താലൂക്ക് ആശുപത്രിയിൽ പുതിയ ഒ.പി & ഡയഗ്നോസ്റ്റിസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വണ്ടിപ്പെരിയാർ സാമൂഹികാ രോഗ്യകേന്ദ്രത്തിൽ പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി വരുന്നു.<br><br>അയ്യപ്പൻകോവിൽ കുടുംബാരോഗ്യകേന്ദ്രം പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പ്രാഥമികാരോഗ്യ കേന്ദ്രം ഏലപ്പാറയി എം.എൽ.എ ഫണ്ട്, എൻ.എച്ച്.എം ROP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രം കുമളിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പുതിയ ബ്ലോക്ക് നിർമ്മാണം പുരോഗമിക്കുന്നു.<br><br>പീരുമേട് താലൂക്കാശുപത്രിയിൽ മോഡുലാർ ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിക്കുന്നതിനായി എൻ.എച്ച്.എം മുഖേന 94.25 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയിൽ നേത്ര ശസ്ത്രക്രിയ തീയേറ്ററും വാർഡും |

| | | | |
|---|---|---|---|
| | | | സജ്ജീകരിക്കുന്നതിനായി 140 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തിയുടെ 70 % പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചുകൊണ്ട് കൊക്കയാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 143 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കിഫ്ബി ഫണ്ടുപയോഗിച്ച്, ആരോഗ്യ വകുപ്പിനു കീഴിൽ ഐസൊലേഷൻ വർഡുകൾ നിർമ്മിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 26.07.2021 ലെ G.O(Rt)No 1555/2021/H&FWD നമ്പർ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വർഡ് നിർമ്മിക്കുന്നതിന് കിഫ്ബി 1.68 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ടി പദ്ധതി നടപ്പാക്കേണ്ട സ്ഥലത്ത് വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടായേക്കുമെന്നതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ, പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | തോട്ടം മേഖലയുടെ പ്രതിസന്ധി കാരണം തോട്ടം ഉടമകൾ നടത്തിവന്നിരുന്ന പല ആശുപത്രികളും നിർത്തിപ്പോയ സാഹചര്യത്തിൽ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | പീരുമേട് താലൂക്ക് ആശുപത്രിയിൽ പുതിയ ഒ.പി & ഡയഗ്നോസ്റ്റിസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വണ്ടിപ്പെരിയാർ സാമൂഹികാ രോഗ്യകേന്ദ്രത്തിൽ പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി വരുന്നു.<br><br>അയ്യപ്പൻകോവിൽ കുടുംബാരോഗ്യകേന്ദ്രം പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം ഏലപ്പാറയി എം.എൽ.എ ഫണ്ട്, എൻ.എച്ച്.എം ROP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുടുംബാരോഗ്യ കേന്ദ്രം കുമളിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പുതിയ ബ്ലോക്ക് നിർമ്മാണം പുരോഗമിക്കുന്നു.<br><br>പീരുമേട് താലൂക്കാശുപത്രിയിൽ മോഡുലാർ ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിക്കുന്നതിനായി എൻ.എച്ച്.എം മുഖേന 94.25 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയിൽ നേത്ര ശസ്ത്രക്രിയ തീയേറ്ററും വാർഡും സജ്ജീകരിക്കുന്നതിനായി 140 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തിയുടെ 70 % പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചുകൊണ്ട് കൊക്കയാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 143 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കിഫ്ബി ഫണ്ടുപയോഗിച്ച്, ആരോഗ്യ വകുപ്പിനു കീഴിൽ ഐസൊലേഷൻ വർഡുകൾ നിർമ്മിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 26.07.2021 ലെ G.O(Rt)No 1555/2021/H&FWD നമ്പർ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വർഡ് നിർമ്മിക്കുന്നതിന് കിഫ്ബി 1.68 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ടി പദ്ധതി നടപ്പാക്കേണ്ട സ്ഥലത്ത് വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടായേക്കുമെന്നതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ, പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പീരുമേട് താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽനിന്നും 42 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | പീരുമേട് താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽ നിന്നും 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി വികസനപ്രവൃത്തി സംബന്ധിച്ച് 83 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി സ.ഉ (സാധാ)) നം.8486/2024/ ധന, തീയതി 16/11/2024, ഉത്തരവ് പ്രകാരം 3,75,068/ - (മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുപത്തിഎട്ട് രൂപ മാത്രം) കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തിലെ എം.എൽ.എ യുടെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസന പദ്ധതി കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിന് 02-04-2022- ലെ GO (Rt) No.755/2022/H&FWD നമ്പർ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ധനാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | വണ്ടിപ്പെരിയാർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം തുടർച്ചയായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | വണ്ടിപ്പെരിയാർ സി.എച്ച്.സി യിൽ ഒരു സിവിൽ സർജന്റെയും 2 അസിസ്റ്റന്റ് സർജന്റെയും തസ്തികകളാണ് ഉള്ളത്. സിവിൽ സർജൻ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ടർ ഉണ്ട്. കൂടാതെ ഒരു അസിസ്റ്റന്റ് സർജനും ഒരു എൻ.എച്ച്.എം ഡോക്ടറും ജോലി ചെയ്തു വരുന്നു. ശബരിമല ഇടത്താവളമായ ഇവിടെ മണ്ഡല മകരവിളക്ക് കാലത്ത് 24*7 സേവനം നൽകി വന്നിരുന്നു. കിടത്തി ചികിത്സ സൗകര്യം ലഭ്യമാണ്. വൈകുന്നേരത്തെ ഒ.പി നടത്തുന്നതിന് LSGD മുഖേന നിയമിക്കപ്പെട്ട ഒരു ഡോക്ടർ നിലവിലുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ കോൾ ഡ്യൂട്ടി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതിയതായി നിർമ്മിച്ചതെന്നും അതിന് എത്ര രൂപ ചെലവായെന്നും വിശദമാക്കാമോ? | (ഇ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ പുതിയ ആരോഗ്യ ഉപകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ